**ചീഫ് എഞ്ചിനീയറുടെ കാര്യാലയം,ജലസേചനവും ഭരണവും, തിരുവനന്തപുരം**

**ചീഫ് എഞ്ചിനീയറുടെ നടപടി ക്രമം**

**(ഹാജർ- എം.ശിവദാസൻ.)**

വിഷയം : ജലസേചനം - വിജിലൻസ് - ശ്രീ.ബിനു.എസ്.ആർ അസിസ്റ്റന്റ് എഞ്ചിനീയർ, മലമ്പുഴ വർക്ക്ഷോപ്പ് സബ് ഡിവിഷൻ - ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കാത്തത് - സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ടിയാനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

പരാമർശം:

1) 17.09.2021ലെ തീയതിയിലെ തിരുവനന്തപുരം, ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 'എ' സെക്ഷൻ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ നം. എ7-27204/2021 നമ്പർ അനൗദ്യോഗികകുറിപ്പ്.

2) തിരുവനന്തപുരം, ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 16.10.2021 തീയതിയിലെ നം. വിജി4-2603/2021 നമ്പർ കുറ്റപത്രവും കുറ്റാരോപണപത്രികയും

3) 16/12/2022 തീയതിയിലെ നം.വിജി4/2603/2021 നടപടിക്രമം.

4) 12.08.2024 തീയതിയിലെ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

5) 27.09.2024 തീയതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

**ഉത്തരവ് നം. CEIA/5134/2023-VIG4 തിയതി - 04-02-2025**

മലമ്പുഴ വർക്ക്ഷോപ്പ് സബ് ഡിവിഷൻ കാര്യാലയത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ.ബിനു.എസ്.ആർ. 20/07/2003 മുതൽ അഞ്ച് ഘട്ടങ്ങളിലായി അനുവദിച്ച 18 വർഷത്തെ ശൂന്യവേതനാവധി 19/07/2021-ൽ പൂർത്തിയാകുകയും, 20.07.2021 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതിനെതുടർന്ന് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിരുന്നു.

പ്രസ്തുത സാഹചര്യത്തിൽ ടിയാനെതിരെ 1960 - ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കാതിരിക്കാൻ കാരണം കാണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണപത്രികയും, ടിയാന്റെ ലഭ്യമായ മേൽവിലാസത്തിൽ രജിസ്റ്റേർഡ് തപാലായി നൽകിയിരുന്നു,. ആയത് 'RTS Unclaimed' എന്ന കാരണം രേഖപ്പെടുത്തി തപാൽ വകുപ്പ് അധികാരി തിരികെ ലഭ്യമാക്കിയിരുന്നു.

തുടർന്ന് തിരുവനന്തപുരം ജില്ലയിൽ പ്രചാരത്തിലുള്ള ദേശാഭിമാനി പത്രത്തിൽ 2021 ഡിസംബർ 25 -ന് വിൻഡോ പരസ്യം നൽകി 15 ദിവസത്തിനകം മറുപടി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ അതിനുശേഷവും ടിയാനിൽ നിന്നും യാതൊരു മറുപടിയും ലഭ്യമാകാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ, 1960 - ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15

പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പരാമർശം (3) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കുകയും, പരാമർശം (4) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ, അന്വേഷണ ഉദ്യോഗസ്ഥൻ 12/08/2024 തീയതിയിൽ ശ്രീ.ബിനു.എസ്.ആർ.-ന്റെ ലഭ്യമായ മേൽവിലാസത്തിൽ അന്വേഷണത്തിന് പോകുകയും ടിയാൻ അവിടെ താമസമില്ലായെന്നും നിലവിൽ വിദേശത്താണെന്നും, മറ്റു വിവരങ്ങൾ ഒന്നും ലഭ്യമല്ല എന്നുള്ള വിവരങ്ങളാണ് സമീപവാസികളിൽ നിന്നും അറിയാൻ കഴിഞ്ഞതെന്ന് റിപ്പോർട്ട് ചെയ്തിരുന്നു.

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ അനുവദിച്ച 18 വർഷത്തെ ശൂന്യവേതനാവധി 19/07/2021 തീയതിയിൽ അവസാനിച്ചെങ്കിലും യഥാസമയം സർവ്വീസിൽ പുനപ്രവേശിക്കാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന ശ്രീ.ബിനു.എസ്.ആർ.-നെ 1960 - ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ട പ്രകാരം 20/07/2021 മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാൻ താത്ക്കാലികമായി തീരുമാനിച്ചു കൊണ്ട് പരാമർശം (5) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ്, ടിയാന്റെ ലഭ്യമായ മേൽവിലാസത്തിൽ രജിസ്റ്റേർഡ് തപാലായി നൽകിയിരുന്നു,. ആയത് 'RTS Unclaimed' എന്ന കാരണം രേഖപ്പെടുത്തി തപാൽ വകുപ്പ് അധികാരി തിരികെ ലഭ്യമാക്കുകയും അതിനെ തുടർന്ന് തിരുവനന്തപുരം ജില്ലയിൽ പ്രചാരത്തിലുള്ള കേരളകൗമുദി പത്രത്തിൽ 2024 ഡിസംബർ 05 -ന് വിൻഡോ പരസ്യം നൽകി 15 ദിവസത്തിനകം മറുപടി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ അതിനു ശേഷവും ടിയാനിൽ നിന്നും യാതൊരു മറുപടിയും ലഭ്യമായിട്ടില്ല.

പ്രസ്തുത സാഹചര്യത്തിൽ ചട്ടപ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി അസിസ്റ്റന്റ് എഞ്ചിനീയറായ **ശ്രീ.ബിനു.എസ്.ആർ -നെ 20.07.2021 മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി** ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

Signed by Sivadasan M
Date: 04-02-2025 15:57:34

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്,

ശ്രീ.ബിനു.എസ്.ആർ
'ഗുരുകൃപ' റ്റി.സി 3/525
ഗാന്ധിനഗർ റ്റി.കെ.ഡി.റോഡ്,
മുട്ടട.പി.ഒ, തിരുവനന്തപുരം -695025

പകർപ്പ്:-
1. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഭരണം), ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ജലസേചനവും ഭരണവും, തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ, മെക്കാനിക്കൽ തിരുവനന്തപുരം
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലമ്പുഴ വർക്ക്ഷോപ്പ് സബ് ഡിവിഷൻ, മലമ്പുഴ, പാലക്കാട്.
4. ഐ.റ്റി സെൽ, ഇറിഗേഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
5. വിജിലൻസ് 8 സീറ്റ്.